# കേരള കാർഷിക സർവ്വകലാശാല

മെയിൻ കാമ്പസ്, വെള്ളാനിക്കര, തൃശ്ശൂർ - 680656

അക്കാഡ് സി1/46386/2014(i) തീയതി : 27/10/2015

## പത്രക്കുറിപ്പ്

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ കോളേജുകളിൽ ബി.എസ്.സി.(ഓണേഴ്സ്) അഗ്രിക്കൾച്ചർ , ബി.എസ്.സി.(ഓണേഴ്സ്) ഫോറസ്ട്രി എന്നീ കോഴ്സുകളിൽ 2015-16 അദ്ധ്യയന വർഷത്തെ പ്രവേശനത്തിന് താഴെ പറയുന്ന ഒഴിവുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

| കോഴ്സ് | ജനറൽ | എസ്.സി. | മുസ്ലിം | ആകെ |
|---|---|---|---|---|
| ബി.എസ്.സി.(ഓണേഴ്സ്) അഗ്രിക്കൾച്ചർ | 5 | 0 | 2 | 7 |
| ബി.എസ്.സി.(ഓണേഴ്സ്) ഫോറസ്ട്രി | 2 | 1 | 0 | 3 |

2015 ൽ കേരള എൻട്രൻസ് പരീക്ഷാ കമ്മീഷണർ നടത്തിയ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്കെല്ലാം ഇതിൽ പങ്കെടുക്കാവുന്നതാണ്. പ്രവേശന പരീക്ഷയുടെ റാങ്ക് അടിസ്ഥാനത്തിലായിരിക്കും പ്രവേശനം അനുവദിക്കുക. താല്പര്യമുള്ളവർ ജനനത്തീയതി, യോഗ്യതകൾ എൻട്രൻസ് പരീക്ഷയുടെ റാങ്ക്, കാറ്റഗറി എന്നിവ വ്യക്തമായി രേഖപ്പെടുത്തിയ സ്കോർ ഷീറ്റ് സഹിതം 30.10.2015(വെള്ളിയാഴ്ച്ച) രാവിലെ 10.00 മണിക്ക് കാർഷിക സർവ്വകലാശാലയുടെ തൃശ്ശൂർ വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിൽ ഹാജരാകണം. യോഗ്യത തെളിയിക്കുന്ന രേഖകളുടെ അസ്സൽ കൈവശമില്ലാത്തവർ അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം. ടി.സി., സി.സി. മുതലായവ പ്രവേശനം ഉറപ്പാക്കിയ ശേഷം മാത്രം ഹാജരാക്കിയാൽ മതിയാകും. എന്നാൽ ഫോറസ്ട്രി കോഴ്സിന് പ്രവേശനം തേടുന്നവർ പ്രസ്തുത കോഴ്സിന് എൻട്രൻസ് പരീക്ഷാ പ്രോസ്പെക്ടസിൽ നൽകിയിട്ടുള്ള മാതൃകയിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സ്പോട്ട് അഡ്മിഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രവേശനത്തിന് പരിഗണിക്കൂ. എസ്.സി. വിഭാഗം പ്രവേശനാർത്ഥികളുടെ അഭാവത്തിൽ യഥാക്രമം എസ്.ടി., ജനറൽ വിഭാഗത്തിലുള്ളവരെ പരിഗണിക്കുന്നതാണ്.

നിശ്ചിത സമയത്തിനകം നേരിട്ട് ഹാജരാകാത്ത അപേക്ഷാർത്ഥികളെ യാതൊരു കാരണവശാലും പ്രവേശനത്തിന് പരിഗണിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് കേരള കാർഷിക സർവ്വകലാശാലയുടെ www.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**രജിസ്ട്രാർ**